

2016 നവംബർ 27

ലൂക്കാ 1:5-25

# വചനസന്ദേശം

റവ. ഫാ. മെൽവിൻ ചിറ്റിലപ്പിള്ളി

കാത്തിരിക്കുന്നവനാണു മനുഷ്യൻ. ജീവിതത്തിൽ നല്ലൊരു ഭാഗം കാത്തിരിപ്പിൽ ചെലവഴിക്കുന്നവരാണു നാം. ബസ് സ്റ്റാൻഡിൽ, റെയിൽവേ സ്റ്റേഷനിൽ, എയർപോർട്ടിലൊക്കെ ഇതിനുവേണ്ടി പ്രത്യേക സ്ഥലങ്ങൾ തന്നെയുണ്ട്. തകരാറിലായ ഫോൺ ശരിയാകുവാനായി, പാചകവാതകത്തിനുവേണ്ടി, നല്ലൊരു ജോലിക്കുവേണ്ടി, കടബാദ്ധ്യതകൾ ഒഴിയുന്ന നല്ലൊരു നാളേയ്ക്കുവേണ്ടി, പൊട്ടിപ്പോയ സ്നേഹബന്ധത്തിന്റെ കണ്ണികൾ വിളക്കിചേർക്കാനായി നമ്മൾ കാത്തിരിക്കുന്നു. ദൈവജനത്തിന്റെ കാത്തിരിപ്പിന് അറുതിവരുത്തുന്നതിന്റെ ആമുഖമായി ദൈവം ഒരു പാവപ്പെട്ട ദമ്പതികൾക്കു നീണ്ട കാത്തിരിപ്പിന് ഉത്തരം കൊടുക്കുന്നതാണ് ഇന്നത്തെ സുവിശേഷം. ആ ദമ്പതികളെ വചനം പരിചയപ്പെടുത്തുന്നുണ്ട് സഖറിയായും എലിസബത്തും.

യഹൂദചരിത്രകാരനായ ജോസേഫ....സിന്റെ വ്യാഖ്യാനമനുസരിച്ചു യേശുവിന്റെ ജനനകാലത്തു ജെറുസലേമിൽ ഏകദേശം 1800 പുരോഹിതന്മാരുണ്ടായിരുന്നു. അങ്ങനെയുള്ള പുരോഹിതരെ 24 ഗണങ്ങളായി തിരിച്ചിരുന്നു. ഓരോ ഗണത്തിനും വർഷത്തിൽ രണ്ടു പ്രാവശ്യം ദേവാലയത്തിൽ ശുശ്രൂഷ നടത്താൻ കഴിയുമായിരുന്നു. ഇതിനു പുറമേ വ്യക്തിപരമായ മറ്റു ബലികളും. വിശുദ്ധ സ്ഥലത്തു പ്രവേശിക്കാൻ സാധാരണയായി ഒരു പുരോഹിതനു ജീവിതത്തിൽ ഒരിക്കൽ മാത്രമേ കഴിയുമായിരുന്നുള്ളൂ. അതിനുള്ള ആളെ നിശ്ചയിക്കാൻ ഇതുവരെ പ്രവേശിച്ചിട്ടില്ലാത്തവരുടെ പേരുകളിൽ നിന്നു നറുക്കിട്ട് ആളെ തിരഞ്ഞെടുത്തിരുന്നു. അങ്ങനെയാണു സഖറിയായ്ക്കു നറുക്കു വീഴുന്നത്. നറുക്കു കിട്ടിയ സഖറിയായ്ക്കു സന്തോഷമായി. പക്ഷേ, ആ സന്തോഷത്തിന് നടുവിലും സഖറിയായ്ക്ക് ഒരു ദുഃഖമുണ്ടായിരുന്നു.

വചനം പറയുന്നു, സഖറിയാ-എലിസബത്ത് ദമ്പതികൾ അപമാനിതരായിരുന്നു. അവർക്കൊരു കുറവുമുണ്ടായിരുന്നു. അവർക്കു മക്കളുണ്ടായിരുന്നില്ല. എന്നാൽ വി. ഗ്രന്ഥത്തിലെ വൃദ്ധമാതാപിതാക്കളായ അബ്രാഹത്തിന്റെ ഭാര്യ സാറാ, ഇസഹാക്കിന്റെ ഭാര്യ റബേക്ക, യാക്കോബിന്റെ ഭാര്യ റാഹേൽ, ഏല്ക്കാനയുടെ ഭാര്യ ഹന്ന എന്നിവർക്കു മക്കളില്ലായിരുന്നിട്ടും പിന്നീടു മക്കളുണ്ടായി എന്ന സത്യം തിരിച്ചറിഞ്ഞ സഖറിയ-എലിസബത്ത് ദമ്പതികൾക്കു തങ്ങളുടെ കുറവുകളുടെ പേരിൽ നിരാശരാകാതെ കുറവുകളെ കാണുന്ന ദൈവം അവനെ വളർത്തും. കുടുംബജീവിതത്തിലൂടെ ഞാൻ കടന്നുപോകുമ്പോൾ എന്റെ ഭർത്താവ് ഒരു മുഴുക്കുടിയനാണെങ്കിൽ നാളെത്തെ സഹനത്തിന്റെ വളർത്തലിനുവേണ്ടി ദൈവം തരുന്ന ഒരു മുള്ളായിരിക്കും എന്റെ ഭർത്താവിന്റെ കുടിപോലും. ഇന്നു ഞാൻ പരീക്ഷയ്ക്കു തോറ്റാൽ നാളെ ഞാൻ പരീക്ഷയ്ക്കു തോല്ക്കാതിരിക്കാൻവേണ്ടി അല്ലെങ്കിൽ ജീവിതത്തിൽ തന്നെ തോല്ക്കാതിരിക്കാൻവേണ്ടി ദൈവം തരുന്ന ഒരു കുരിശായിരിക്കും. ആ തോല്വി പോലും കുറവുകളുടെ പേരിൽ നിരാശരാകാതെ കുറവുകൾ കാണുന്ന ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനകളുമായി നിരന്തരം കാത്തുനില്ക്കാൻ പറ്റുന്നുണ്ടോ എന്നു നാം ചിന്തിക്കണം. കഴിഞ്ഞ ദിവസം ഇടവകയിലെ ഒരു ആക്ടീവായ ചെറുപ്പക്കാരൻ പറയുകയുണ്ടായി, "എന്റെ കാലിനു മാരകമായ ഒരു അസുഖമുണ്ട്. പക്ഷേ, എന്റെ നല്ല ദൈവം എന്നെ കിടത്തിയില്ലല്ലോ. നാളെ കിടത്തുന്ന അവസ്ഥ എനിക്കുണ്ടാകുമോ എന്നറിഞ്ഞുകൂടാ. അതുവരെ ഞാൻ എന്റെ കർത്താവിനുവേണ്ടി ഓടിനടക്കും." എന്റെ കുറവുകളും സഹനങ്ങളും അതു ദൈവത്തിന്റെ ഒരു ദൈവവിളിയാണ്. അതിനു മുമ്പിൽ മറുതലിച്ചു നില്ക്കാതെ അത് ഏറ്റെടുക്കുക.

മറ്റൊരു സന്ദേശംകൂടി ഈ വചനഭാഗം നമുക്കു നല്കുന്നുണ്ട്. വൃദ്ധനായ സഖറിയായോടു ദൈവദൂതൻ പറഞ്ഞത് എലിസബത്തിൽ നിനക്കൊരു പുത്രനെ ലഭിക്കും. സഖറിയാ മാനുഷികമായ ബുദ്ധികൊണ്ടു മാത്രം ചിരിച്ചു വിധിയെഴുതി: "ഇത് അസാദ്ധ്യമാണ്. ഞാൻ വൃദ്ധനാണ്, എന്റെ ഭാര്യ പ്രായം കവിഞ്ഞവളാണ്." ദൈവവചനത്തെ മാനുഷികബുദ്ധികൊണ്ടു മാത്രം വിധിയെഴുതാതെ അതിന്റെ മുന്നിൽ മാനുഷികമായ സമർപ്പണമാണ് ആവശ്യം. ദൈവവചനത്തെ നമ്മുടെ ബുദ്ധിയിൽ ഒതുക്കാതെ, ദൈവത്തിന്റെ വചനത്തോടു നമ്മുടെ ബുദ്ധിയെ ചേർത്തുവയ്ക്കുകയാണ് ആവശ്യമായിരിക്കുന്നത്. ദൈവത്തിന്റെ വചനത്തോടു നാം ചേർന്നുനില്ക്കുമ്പോൾ ദൈവത്തിന്റെ പദ്ധതിക്കു മുന്നിൽ നാം ആമ്മേൻ പറയും. അപ്പോൾ നമ്മുടെ ജീവിതം മംഗളകരമായി തീരുന്നു. രണ്ടു ചിന്തകൾ നമുക്കു മനസ്സിൽ കാത്തുസൂക്ഷിക്കാം.

1. കുറവുകളുടെ പേരിൽ നിരാശരാകാതെ, കുറവുകൾ കാണുന്ന ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനകളുമായി നിരന്തരം കാത്തുനില്ക്കാൻ നമക്കു പറ്റുന്നുണ്ടോ?

2. നമ്മുടെ ബുദ്ധിയെ ദൈവത്തിന്റെ പദ്ധതിയോടു ചേർത്തുനിർത്താൻ നമുക്കു സാധിക്കുന്നുണ്ടോ?